നം.കെഎസ്എ.-കെ.ടി.എം.പി9-189/2019 തീയതി : 15/02/2019

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 23.01.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	11.01.2019 മുതൽ 23.01.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി സുലത ഡി.	ഓഡിറ്റ് ഓഫീസർ
	ശ്രീ മനു എം.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി അമ്പിളി യു.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ ശിവരാജ് പി.	ഓഡിറ്റർ

(ബി) നിർവഹണാധികാരികൾ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
പ്രസിഡന്റ്	ശ്രീ ആനന്ദ് പഞ്ഞിക്കാരൻ	01.04.2017 മുതൽ 31.03.2018 വരെ
ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി)	ബീനാ രാജേന്ദ്രൻ	01.04.2017 മുതൽ 11.12.2017 വരെ
	എൽസമ്മ ജോസഫ് വെളാശ്ശേരിൽ	04.01.2018 മുതൽ 31.03.2018 വരെ
ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി)	ജസ്റ്റിൻ ജോസഫ്	01.04.2017 മുതൽ 31.03.2018 വരെ

ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി)	റോസിലി ടോമിച്ചൻ	01.04.2017 മുതൽ 31.03.2018 വരെ
ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി)	ജെയിംസ് തിട്ടാലയിൽ	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	ശ്രീ രാധാകൃഷ്ണ കമ്മത്ത്	01.04.2017 മുതൽ 20.06.2017 വരെ
	ശ്രീ ഇ. ഷാനവാസ് (ഇൻ ചാർജ്ജ്)	21.06.2017 മുതൽ 21.07.2017 വരെ
	ശ്രീമതി എസ് സുപ്രഭ	22.07.2017 മുതൽ 09.08.2017 വരെ
	ശ്രീമതി ഷീല എൽ.	10.08.2017 മുതൽ 22.01.2018 വരെ
	ശ്രീ മനോജ് ചന്ദ്രൻ	23.01.2018 മുതൽ 31.03.2018 വരെ

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ആര്യ വി. സി.	01.04.2017 മുതൽ 03.06.2017 വരെ
	ജ്യോതി റ്റി. (ഇൻചാർജ്ജ്)	04.06.2017 മുതൽ 30.06.2017 വരെ
	ആര്യ വി. സി.	01.07.2017 മുതൽ 05.08.2017 വരെ
	കവിത	10.08.2017 മുതൽ 05.11.2017 വരെ
	പാർവ്വതി ആർ.	06.11.2017 മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	ഡോ. പി. ബിജു	01.04.2017 മുതൽ 05.10.2017 വരെ
	ഡോ. സ്മിത കൈമൾ	06.10.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	ഡോ. റോസിലിൻ ജോസഫ്	01.04.2017 മുതൽ 31.03.2018 വരെ
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	പ്രീതി സി.	01.04.2017 മുതൽ 31.03.2018 വരെ
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1	ദിലീപ് കുമാർ	01.04.2017 മുതൽ 25.07.2017 വരെ

	ജയകൃഷ്ണൻ പി. കെ.	26.07.2017 മുതൽ 31.03.2018 വരെ
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2	ശ്രീ ഗിരീഷ് കെ. ദാസ്	01.04.2017 മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	സവിത എ.	01.04.2017 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് എൻജിനീയർ(LSGD)	സൗമ്യ കെ.	01.04.2017 മുതൽ 01.02.2018 വരെ
	അജയ് എൽ. ഹാർഡിൻ(i/c)	02.02.2018 മുതൽ 31.03.2018 വരെ
ഹെഡ്മാസ്റ്റർ	ഇ. കെ. ഓമന	01.04.2017 മുതൽ 31.03.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	എം. വി. കണ്ണൻ	01.04.2017 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ഇ. ഷാനവാസ്	01.04.2017 മുതൽ 30.10.2017 വരെ
	രാജശ്രീ റ്റി. ആർ.	31.10.2017 മുതൽ 31.03.2018 വരെ

(ഡി) ഉള്ളടക്കം

ഖണ്ഡിക-നം.	വിഷയം
ഭാഗം 1 -- പൊതു അവലോകനം	
1-1	ബജറ്റ് – വിശകലനം
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം – വിശകലനം
1-6	പദ്ധതി അവലോകനം
1-7	തൊഴിലുറപ്പ് പദ്ധതി – അവലോകനം
1-8	സാമൂഹ്യക്ഷേമ പദ്ധതികൾ
1-9	ക്യാഷ് പരിശോധന
1-10	ആഭ്യന്തരനിയന്ത്രണം
1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
1-12	വാർഷിക കണക്കുകളുടെ അവലോകനം
1-13	ഓഡിറ്റ് ഇംപാക്ട്
ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	മാന്വൽ രസീതുകളുടെ ഉപയോഗത്തിൽ അപാകതകൾ
2-2-1	വസ്തുനികുതി പരിഷ്കരണം
2-2-2	മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി
2-2-3	ഹാളുകൾ/ഓഡിറ്റോറിയങ്ങൾക്ക് ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചില്ല
2-3	കെട്ടിടങ്ങളുടെ ക്രമവൽക്കരണം

2-4-1	സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ അപാകത
2-4-2	തൊഴിൽ നികുതി കുടിശിക ഡിമാന്റിൽ നിന്നും 14,740/- രൂപ ഒഴിവാക്കി
2-5-1	ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക - അപാകതകൾ
2-5-2	24.73 ലക്ഷം രൂപ വാടക കുടിശിക-വരുമാന നഷ്ടത്തിന് സാധ്യത
2-5-3	വാടക നിക്ഷേപം-കണക്കുകൾ സൂക്ഷിക്കുന്നില്ല
2-6	തനത് വരുമാനം - രണ്ടുവർഷത്തിലധികമായി കുടിശിക നിലനിൽക്കുന്നു
2-7-1	മരങ്ങളുടെ ലേലം-തുടർനടപടി സ്വീകരിച്ചില്ല
2-7-2	ബോട്ട് ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കണം
2-8	ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- തുടർ നടപടികൾ സ്വീകരിക്കണം
2-9	കാലാവധി കഴിഞ്ഞ സ്ഥിരനിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല
2-10	ഇ-ടെൻഡർ നടത്തിയ പ്രോജക്ടുകളുടെ ടെൻഡർ ഫോറം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല
ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	ദിവസവേതനത്തിന് ആളെ നിയമിച്ച നടപടി ക്രമപ്രകാരമല്ല – ചെലവ് നിരാകരിക്കുന്നു
3-2	ചൂരക്കാവ് കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ് കുടിശിക പഞ്ചായത്ത് അടവാക്കിയത്-ക്രമപ്രകാരമല്ല
3-3	മാലിന്യ നിക്ഷേപം തടയുന്നതിന് സി സി ടി വി ക്യാമറ-നർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല- നിരീക്ഷണം സംബന്ധിച്ച് അവ്യക്തത
3-4	പ്രീമൺസൂൺപ്രോഗ്രാം -രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു
3-5	ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല
3-6	ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല -327211/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു
3-7	പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കാത്ത സ്ഥലത്ത് നിർമ്മാണപ്രവർത്തനത്തിന് പ്രോജക്ട് ആവിഷ്ക്കരിച്ചു
3-8	മാലിന്യസംസ്ക്കരണത്തിനായി ലഭിച്ച 8,97,750/- രൂപയുടെ ധനസഹായം ചെലവഴിക്കാതെ നഷ്ടമായി
3-9	സംയുക്തപ്രോജക്ടിന് ലഭിച്ചതുക ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു
3-10	നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു
3-11	ആശ്രയ പദ്ധതി- അവലോകനം

ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം
4-2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ്
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ചാർജ്/സർചാർജ് നടപടികളുടെ വിവരം
4-9	ഓഡിറ്റ് പ്രത്യവലോകനം
4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
അനുബന്ധം-1	ഓഡിറ്റ് സാക്ഷ്യപത്രം 2017-18
അനുബന്ധം-2	ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ
അനുബന്ധം-3	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18
അനുബന്ധം-4	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ് - വിശകലനം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21.03.2017 തിയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 17.02.2018 തീയതിയിൽ ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	ബജറ്റിൽ നിന്നുള്ള വ്യതിയാനം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	23,460,582/-	29,021,045	5,560,463	
വരവ്	515,463,282/-	60,369,026		455,094,256
ആകെ	538,923,864/-	89,390,071		449,533,793
ചെലവ്	510,900,000/-	65,831,874		445,068,126
നീക്കിയിരിപ്പ്	28,023,864/-	23,558,197		4,465,667

2017-18 വർഷം 51.5 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 51 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം (ബി-ഫണ്ട്, പഞ്ചായത്തിന് ക്യാഷ് വരവില്ലാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയുൾപ്പടെ) വരുമാനം 5.15 കോടി രൂപയും ചെലവ് 5.18 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവ്-ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വ്യതിയാനം 10 മടങ്ങോളമാണ് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവു കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 10.05.2018-ലെ 2/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2018 ലെ എ1-4962/18 നം. കത്ത് പ്രകാരം 27.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 27.06.2018, 28.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 04.07.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി9/1282/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	2,90,21,044.94
വരവ്	6,03,69,026/-
ആകെ	8,93,90,070.94
ചെലവ്	65,831,874/-
നീക്കിയിരിപ്പ്	2,35,58,196.94

1-5 ഫണ്ട് വിനിയോഗം - വിശകലനം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം, വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ഫണ്ടിനം	മുന്നിരിപ്പ്	വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് %
വികസനഫണ്ട് – പൊതുവിഭാഗം	0	13,831,000/-	13,831,000/-	8,950,870/-	4,880,130/-	64.72
വികസനഫണ്ട് – എസ്.സി.പി.	0	3,226,029/-	3,226,029/-	2,179,113/-	1,046,916/-	67.55
വികസനഫണ്ട് – ടി.എസ്.പി.	0	89,963/-	89,963/-	7,500/-	82,463/-	8.34
സംരക്ഷണഗ്രാന്റ് – റോഡ്	0	6,330,000/-	6,330,000/-	3,370,596/-	2,959,404/-	53.25
സംരക്ഷണഗ്രാന്റ് – നോൺറോഡ്	0	3,069,000/-	3,069,000/-	825,000/-	2,244,000/-	26.88
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	11,904,078/-	11,904,078/-	8,286,098/-	3,617,980/-	69.61
പെർഫോമൻസ് ഗ്രാന്റ്	0	1,307,477/-	1,307,477/-	909,215/-	398,262/-	69.54
തൊഴിലുറപ്പ് പദ്ധതി(MNREGS)	3,286/-	461,383/-	464,669/-	463,001/-	1,668/-	99.64
സർവ്വ ശിക്ഷാ അഭിയാൻ(SSA)	14396/-	536/-	14,932/-	0	14,932/-	-
ഐ.സി.ഡി.എസ്. (ICDS)	1,203,613/-	584,583/-	1,788,196/-	0	1,788,196/-	-
സാക്ഷരത ഗ്രാന്റ്	7,538/-	281/-	7,819/-	0	7,819/-	-
ശുചിത്വ മിഷൻ ഗ്രാന്റ്	4,600/-	603600/-	608200/-	0	608,200/-	-
വിമുക്തി ഫണ്ട്	25,000/-	12,500/-	37,500/-	0	37,500/-	-

സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC)	139,048/-	0	139,048/-	0	139,048/-	-
സംയുക്ത പ്രോജക്റ്റ്(ബ്ലോക്ക് പഞ്ചായത്ത്)	0	200,000/-	200,000/-	0	200,000/-	-
സംയുക്ത പ്രോജക്റ്റ്(ജില്ല പഞ്ചായത്ത് വിഹിതം)	0	286,165/-	286,165/-	0	286,165/-	-
ഗുണഭോക്തൃ വിഹിതം	3,612/-	412,888/-	416,500/-	347,687/-	68,813/-	-
ബി-ഫണ്ട്	0	39,673,592/-	39,673,592/-	39,673,592/-	0	100
തനത് ഫണ്ട്(ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ)	19,640,239/-	28,269,698/-	47,909,937/-	26,436,220/-	21,473,717/-	-

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും ACR പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 87.29 ലക്ഷം രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്.

1-6 പദ്ധതി അവലോകനം

<u>പദ്ധതി രൂപീകരണം</u> : 2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. 2017-18 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകളും 102-17-ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗമിനിറ്റ്സ് എഴുതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 2017 ഏപ്രിൽ മാസത്തിലെ വിവിധ തീയതികളിൽ ചേരുകയുണ്ടായി. ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നതായും കരട് പദ്ധതി നിർദ്ദേശങ്ങൾ സമഗ്രമായി ചർച്ച ചെയ്തിട്ടുള്ളതായും കാണുന്നു. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 9.3.17, 24.8.17, എന്നീ തീയതികളിൽ ഊരുകൂട്ട യോഗവും 10-3-17, 24-8-17എന്നീ തീയതികളിൽ വികലാംഗഗ്രാമസഭയും നടക്കുകയുണ്ടായി. ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 18.3.2017-ൽ കൂടിയ വികസനസെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 10.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (തീരുമാനം നം-1).

<u>പദ്ധതി അംഗീകാരം</u>: വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 22.1.2018ലെ 490/17/DPC/DPO/ കോട്ടയം നമ്പർ തീരുമാന പ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 28,33,17,756-/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. 89 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 247 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്. അംഗീകാരം ലഭിച്ച 247 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 11 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

ക്രമ നം.	നിർവ്വഹണോദ്യോഗസ്ഥർ	ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം	നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
1.	കൃഷി ഓഫീസർ	3	1	5,299,440/-	2,304,911/-	43.49
2.	വെറ്ററിനറി സർജൻ	5	5	1,290,000/-	612,000/-	47.44
3.	മെഡിക്കൽ ഓഫീസർ PHC	2	2	700,000/-	590,024/-	84.29
4.	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	200,000/-	124,000/-	62.00

5.	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	9	7	5,258,000/-	3,013,000/-	57.30
6.	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	11	5	5,626,588/-	2,433,503/-	43.25
7.	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	29	14	22,232,603/-	10,307,429/-	46.36
8.	ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്.	1	1	50,000/-	30,586/-	61.17
9.	അസിസ്റ്റന്റ് എഞ്ചിനീയർ	169	70	238,089,175/-	12,271,400/-	5.15
10.	ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	500,000/-	500,000/-	100
11.	അസിസ്റ്റന്റ് സെക്രട്ടറി	16	9	4,071,950/-	1,665,740/-	40.90
ആകെ		**247**	**116**	**283,317,756/-**	**33,852,593/-**	**11.95**

ആവിഷ്കരിച്ച പദ്ധതികളിൽ 247 പ്രോജക്ടുകളിൽ 116 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ആവിഷ്കരിച്ച പ്രോജക്ടുകൾ കൃത്യമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ചുമതലയേറ്റ 169 പ്രോജക്ടുകളിൽ 70 പ്രോജക്ടുകൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതികൾക്ക് അന്തിമാനുമതി ലഭിച്ചിട്ടും ഫണ്ട് ലഭ്യത ഉറപ്പായിരുന്നിട്ടും പദ്ധതികൾ നിർവ്വഹിക്കാതിരുന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യേണ്ടതാണ്. പ്രവൃത്തികൾ ഏറിയ പങ്കും അടുത്ത സാമ്പത്തികവർഷത്തിലേയ്ക്ക് നീളുന്നത് ഒഴിവാക്കേണ്ടതാണ്. പദ്ധതി ആവശ്യാധിഷ്ഠിതമായി രൂപീകരിക്കുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ അനിവാര്യമാണ്.

പദ്ധതിനിർവ്വഹണം: അഗീകാരം കിട്ടിയതിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 112 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 28,33,17,756-/- രൂപ വകയിരുത്തിയതിൽ 3,38,52,593 /-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. വാർഷികപദ്ധതിച്ചെലവ് 11.95% മാത്രമാണ്. ഫണ്ട് അടിസ്ഥാനത്തിലുള്ള വകയിരുത്തലും ചെലവു വിവരവും ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	വകയിരുത്തൽ	ചെലവ്	ശതമാനം
1.	വികസനഫണ്ട് (ജനറൽ)	16,565,543/-	8,950,870/-	54.03
2.	വികസനഫണ്ട് (എസ്.സി.പി)	4,379,957/-	2,179,113/-	49.75
3.	വികസനഫണ്ട് (ടി.എസ്.പി.)	150,000/-	7,500/-	5.00
4.	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	10,581,759/-	8,286,098/-	78.31
5.	ലോകബാങ്ക് സഹായം	1,264,000/-	909,215/-	71.93
6.	തനത് ഫണ്ട്	26,907,217/-	8,976,514/-	33.36
7.	കേന്ദ്രാവിഷ്കൃത ഫണ്ട്	2,948,000/-	0	-
8.	ബ്ലോക്ക് വിഹിതം	1,157,363/-	0	-
9.	ജില്ലാ പഞ്ചായത്ത് വിഹിതം	1,355,000/-	0	-
10.	മെയിന്റനൻസ് ഗ്രാന്റ് റോഡ്	11,085,581/-	3,370,596/-	30.40
11.	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	3,293,461/-	825,000/-	25.05
12.	മറ്റുള്ളവ	203,629,875/-	347,687/-	0.17
ആകെ		**283,317,756/-**	**33,852,593/-**	**11.95**

1.16കോടി രൂപയുടെ സർക്കാർ ധനസഹായം ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

ജനങ്ങളുടെ സാമ്പത്തികവികസനത്തിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും വികസനപദ്ധതികൾ തയ്യാറാക്കുകയും കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഇതര സർക്കാർ ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാവുന്ന ധനസഹായം പരമാവധി വിനിയോഗിച്ച് അവ നടപ്പാക്കുക എന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. 2017-18-വർഷത്തെ പദ്ധതി രൂപീകരണത്തിലെ അപാകതകളും നിർവ്വഹണത്തിലെ കാലതാമസവും കാരണം വാർഷികപദ്ധതി നിർവ്വഹണത്തിനായി ലഭ്യമായ സർക്കാർ ധനസഹായം 1.16 കോടി രൂപയാണ് ചെലവഴിക്കപ്പെടാതെ നഷ്ടമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	നഷ്ടമായ തുക
വികസനഫണ്ട്	60,09,509/-
ധനകാര്യക്കമ്മീഷൻ ഗ്രാന്റ്	398262
മെയിന്റനൻസ് ഗ്രാന്റ്	52,03404/-
ആകെ	1,16,11,175 /-

തൻവർഷം തനതുഫണ്ടിൽനിന്നും 89.76 ലക്ഷം രൂപയാണ് വാർഷികപദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്ന റോഡ് പ്രവൃത്തികൾക്കും തനതുഫണ്ട് വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിരുന്നത് . സർക്കാർ ഗ്രാന്റ് പരമാവധി വകയിരുത്താതിരുന്നതും വകയിരുത്തി അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകൾ ബഹുഭൂരിപക്ഷവും നടപ്പാക്കാതിരുന്നതും യുക്തിപൂർവ്വമല്ലാതെയുള്ള വകയിരുത്തലും വാർഷികപദ്ധതിയുടെ ചെലവുശതമാനം കുറയുന്നതിനിടയായി.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം : 13-ാം പദ്ധതികളുടെ മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ടവർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് നിർദ്ദേശങ്ങളും പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ.

യോഗമിനിറ്റ്സ് യഥാവിധി തയ്യാറാക്കിട്ടില്ല: ഓരോ വിഷയമേഖലയുടേയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതാണ്. 17-18-ലെ വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടിയിട്ടുണ്ടെങ്കിലും പല വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങളുടെ മിനിറ്റ്സ് കൃത്യമായി എഴുതിയിട്ടില്ല. തീയതി രേഖപ്പെടുത്താതെയും യോഗവിവരങ്ങൾ സാക്ഷ്യപ്പെടുത്താതെയുമാണ് മിനിറ്റ്സ് സൂക്ഷിച്ചിട്ടുള്ളത്. മിനിറ്റ്സിൽ ഹാജർമാത്രം രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. പൊതുഭരണം ധനകാര്യം, മത്സ്യബന്ധനം എന്നിവയുടെ 18-3-17ലേയും പട്ടികജാതി പട്ടികവർഗ്ഗവികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ 10-2-17-ലെ മിനിറ്റ്സ് എന്നിവ ഉദാഹരണങ്ങളാണ്.

മേൽനിരീക്ഷണച്ചുമതല ഫലപ്രദമായി നിറവേറ്റിയിട്ടില്ല: അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ടവർ വർക്കിംഗ് ഗ്രൂപ്പുകൾ ഇപ്രകാരം മേൽനിരീക്ഷണം നടത്തിയതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് അവലോകന റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല.

1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പു പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 16 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 277 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 86 പ്രോജക്ടുകളിൽ 86 എണ്ണവും തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 42307 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 762 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസേചന കനാൽ, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മഴക്കുഴി നിർമ്മാണം, ഫലവൃക്ഷത്തൈ നഴ്സറി നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ക്യാഷ്ബുക്ക് പ്രകാരമുള്ള 2017-18 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്			3,286/-
വരവ്	ഇ.എഫ്.എം.എസ്. വരവ്	11,796,288/-	12,296,171/-

	ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ)	499,883/-	
ആകെ			12,299,457/-
ചെലവ്	തൊഴിലാളികളുടെ വേതനം	11,108,294/-	12,297,789/-
	ഉപകരണങ്ങളുടെ വില, വാടക	679,194/-	
	വിദഗ്ദ തൊഴിലാളികളുടെ വേതനം	8,800/-	
	ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ)	501,501/-	
നീക്കിയിരിപ്പ്			1,668/-

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മെഡിക്കൽ കോളേജ് ശാഖയിലെ 67060154599 നം. അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക(രൂപ)
തൊഴിൽരഹിത വേതനം	19	49,320/-
കർഷകതൊഴിലാളി പെൻഷൻ	278	12,353,100/-
വിധവാപെൻഷൻ	369	6,474,600/-
വാർദ്ധക്യകാലപെൻഷൻ	823	16,633,200/-
വികലാംഗപെൻഷൻ	111	2,662,700/-
50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ	28	227,000/-
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	2	60,000/-
നെൽകർഷകർക്ക് വിള ഇൻസെന്റീവ്		1,213,672/-
ആകെ ബി-ഫണ്ട്	**39,673,592/- രൂപ**	

1-9 ക്യാഷ് പരിശോധന

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2019 തീയതിയിൽ 3:15 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 13,575/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

<u>ഓഫീസ് ഉത്തരവുകളും അവയുടെ പാലിക്കലും</u>

നിലവിലുള്ള ഓഫീസ് ഉത്തരവുകൾക്കു പുറമേ ഓഫീസ് ഉത്തരവുകളിലൂടെയാണ് നടപ്പുവർഷത്തിൽ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. അതിൻ പ്രകാരം എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തേണ്ടതുമാണ്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. വാങ്ങിയ സാധനങ്ങളുടെ കൃത്യമായ എണ്ണം, ആയവ വാങ്ങിയ ബില്ലിന്റെ നം., തീയതി, വിതരണ വിവരം മുതലായവ

കൃത്യമായി ചേർത്തുവരുന്നില്ല. വാങ്ങിയിട്ടുള്ള സാധനസാമഗ്രികൾ പഞ്ചായത്തിൽ എത്തിയിട്ടുണ്ട് എന്ന് വിലയിരുത്തുന്നതിന് നിലവിലുള്ള സ്റ്റോക്ക് രജിസ്റ്റർ പര്യാപ്തമല്ല. അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കുന്നില്ല. തൊഴിൽ നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിങ്ങിൽ Narration നൽകുന്നതിലെ അപാകതകൾ മൂലം ഇടപാടുകളുടെ വിശദാംശം മനസ്സിലാക്കുന്നതിന് സാധിക്കാതെ വരുന്നു. ഏതാനും ഇനങ്ങൾ തെറ്റായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെട്ടതായും കാണുന്നു.

ക്യാഷ്, ബാങ്ക് നിയന്ത്രണം

ഇഷ്യൂ ചെയ്ത കാലഹരണപ്പെട്ട ചെക്കുകളുടെ മൂല്യം ക്രമീകരിച്ചിട്ടില്ല.

നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. പഞ്ചായത്തിന് ലഭിക്കേണ്ട കുടിശിക വരവുകൾ അക്കൗണ്ടിൽ ക്രമീകരിച്ച് നീക്കം ചെയ്ത സാഹചര്യം നിലനിൽക്കുന്നു. ആയത് ഗൗരവമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കേണ്ടതാണ്.

പ്രവൃത്തികളുടെയും സ്റ്റോക്കിന്റെയും നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള വാങ്ങലുകൾ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം തേടിയിട്ടില്ല.

പേറോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്.

ആസ്തി നിയന്ത്രണം ഫലപ്രദമല്ല

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും സചിത്ര സോഫ്റ്റ്‌വെയർ മുഖാന്തിരം രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16.01.2019	12/2018	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.06.2014 മുതൽ 21.06.2014 വരെ	2009-10 മുതൽ 2013-14 വരെ	എൽ.ബി.എ(എച്ച്.ക്യു.) II/8A-2168/169 തീയതി 24.07.2014

1-12 വാർഷിക കണക്കുകളുടെ അവലോകനം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 100,803,489/- രൂപയും ചെലവ് 93,510,663/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 7,292,826/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 97,577,692/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 46,296,770/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 51,280,922/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി.യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കിയതും കൃത്യമല്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-46 പ്രകാരം പഞ്ചായത്തിൽ നിന്നും നൽകിയ ശേഷം 3 മാസത്തിലധികരിച്ച ചെക്കുകളുടെ മൂല്യം അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ Liablity in Respect of Stale Cheques ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
4. സെൽഫ് ചെക്ക് മുഖേന തുക പഞ്ചായത്തിന്റെ മറ്റ് അക്കൗണ്ടിലേക്ക് മാറ്റുമ്പോൾ കോൺട്രാ വൗച്ചറിനു പകരം ചെലവ് വൗച്ചറിലൂടെയാണ് അക്കൗണ്ട് ചെയ്യുന്നത്. ആയതിനാൽ ട്രഷറി ടി.എസ്.ബി. അക്കൗണ്ടിന്റെ മാർച്ച്-2018 റീക്കൺസിലേഷൻ പത്രികയിൽ എൻക്യാഷ് ചെയ്യപ്പെട്ട ചെക്കിന്റെ മൂല്യം 10 ലക്ഷം രൂപയും എൻക്യാഷ് ചെയ്യാത്തതായി നിലനിൽക്കുന്നു. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.
5. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല. ബി-15 ഷെഡ്യൂളിലെ 4319101101-State Govt. Cesses/levies in Property Taxes-Control account ലെ നീക്കിയിരിപ്പ് ലഭിക്കാനുള്ള വസ്തുനികുതിയുടെ 5% തുകയല്ല.
6. 31.03.2018 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ലെ താഴെ പറയുന്ന ശീർഷകങ്ങളിൽ ഏതിനം ഫണ്ടാണ് അവശേഷിക്കുന്നത് എന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല.

ശീർഷകം	31.03.2018 ലെ നീക്കിയിരിപ്പ്
320200307	680,341/-
320500101	9,147/-
320800199	292,149/-

7. ഡെപോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ബി-7 ഷെഡ്യൂളിലെ നിക്ഷേപങ്ങളുടെ കൃത്യത വ്യക്തമല്ല.
8. 412010101-Capital Work in Progress ശീർഷകത്തിൽ 14,488,810/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. മുൻവർഷങ്ങളിലെ പ്രവൃത്തികളുടെ മൂല്യമടക്കം ടി ശീർഷകത്തിൽ അവശേഷിക്കുന്നുണ്ട്. കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതാണ്.
9. 31.03.2018 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ലെ 350100201, 350110109, 350200102, 350200108, 350200116, 3580800101 ശീർഷകങ്ങളിലെ നീക്കിയിരിപ്പുകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
10. തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
11. KSEB യിൽ നിക്ഷേപിച്ച 2,096,047/- രൂപയിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിനായി നിക്ഷേപിച്ച 108,013/- രൂപ ഡെപോസിറ്റ് ശീർഷകത്തിൽ ചേർത്തിട്ടില്ല. സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷന് നിക്ഷേപിച്ച 1,988,034/- രൂപയിൽ 588,060/- രൂപ ഡെപോസിറ്റ് ശീർഷകത്തിൽ മൈനസ് അയി കാണുന്നു. ആയതിനാൽ KSEB യിൽ നിക്ഷേപിച്ച തുക 31.03.2018 ലെ ബാലൻസ് ഷീറ്റിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.
12. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക ഡി.സി.ബി. തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. 34,033/- രൂപ വാടക 430400198-Other Rents Receivables(Current) ശീർഷകത്തിൽ അക്കൗണ്ട് ചെയതത് ഷോപ്പിങ്ങ് കോംപ്ലെക്സ് വാടകയിനത്തിലുള്ളതായിരുന്നു.
13. ട്രെയ്ഡർ തൊഴിൽ നികുതി ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-13 ഓഡിറ്റ് ഇംപാക്റ്റ്

2017-18 വർഷം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉപയോഗിച്ച 14464 നം. രസീത് ബുക്കിലെ 11-ാം നം. രസീത് പ്രകാരം ടെൻഡർ ഫോറം വിൽപനയിൽ ലഭിച്ച 400/- രൂപ 14476 രസീത് ബുക്കിലെ 5 -ാം നം. രസീത് പ്രകാരം ലഭിച്ച 450/- രൂപ എന്നിവ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരുന്നില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/18.01.2019) നൽകിയതിന് നടപടികളിൽ മനപൂർവമല്ലാത്ത വീഴ്ചകൾ ഉണ്ടായതാണ് അപാകതയ്ക്ക് കാരണമെന്ന് അറിയിച്ചു. 21.01.2019 ലെ 118420103694 നം. രസീത് പ്രകാരം 850/- രൂപ അടവാക്കി.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 മാന്വൽ രസീതുകളുടെ ഉപയോഗത്തിൽ അപാകതകൾ

2017-18 വർഷം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉപയോഗിച്ച 14464,14476 എന്നീ രസീത് ബുക്കുകൾ എഴുതിയതിലും രസീത് നൽകുന്ന നടപടികളിലും അപാകതകൾ ഉള്ളതായി കാണുന്നു.

രസീത് ബുക്ക് നം.	രസീത് നം.	അപാകത
14464	7 മുതൽ 30 വരെ	രസീതുകളുടെ കൗണ്ടർ ഫോയിലിനു പകരം കാർബൺ കോപ്പിയാണ് രസീത് ബുക്കിൽ സൂക്ഷിച്ചിട്ടുള്ളത്. കൗണ്ടർ ഫോയിൽ ലഭ്യമാക്കിയില്ല.
	37,45	
	47 മുതൽ 58 വരെ	
	70,71	
	73 മുതൽ 80 വരെ	
	82 മുതൽ 86 വരെ	
	88 മുതൽ 90 വരെ	
	92,95,96	
14476	1,2,13,14,15,17	ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ രസീതുകൾ എഴുതി.

രസീതുകളുടെ ഉപയോഗത്തിലെ അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/14.01.2019) ലഭ്യമാക്കിയ മറുപടിയിൽ മനപൂർവ്വമല്ലാതെയാണ് അപാകത സംഭവിച്ചത് എന്നാണറിയിച്ചത്. പ്രസ്തുത രസീതുകളിലെ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. രസീതുകളുടെ ഉപയോഗത്തിൽ അപാകത ഉണ്ടാകാതിരിക്കാൻ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

2-2-1 വസ്തുനികുതി പരിഷ്കരണം

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തിയായ 7230 കെട്ടിടങ്ങളുടെയും ഫോറം 6 എൻട്രി പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ തിരുത്തൽ വരുത്തുകയോ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പ്രോസസ് (ഡെമോളിഷ്, എക്സെംപ്ഷൻ, വേക്കൻസി റെമിഷൻ മുതലായവ) പരിഹരിച്ചു ഡേറ്റാ കൃത്യമാക്കുന്നതിനുവേണ്ടിയുള്ള ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ തിരുത്തൽ ആവശ്യമായ 8430 കെട്ടിടങ്ങളിൽ 6785 എണ്ണത്തിന്റെ പ്യൂരിഫിക്കേഷൻ നടത്തി പൂർത്തീകരിച്ചട്ടുണ്ട്. ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വസ്തുനികുതി കുടിശ്ശികയുൾപ്പെടെ

31.03.2018 പ്രാബല്യത്തിൽ 87.30 ശതമാനം പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. വസ്തുനികുതിയിനത്തിലുള്ള കുടിശിക പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

2-2-2 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം പഞ്ചായത്തിലുള്ള 2 മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സഹായത്തോടെ നേരിട്ട് പരിശോധിക്കുകയും ടവർ, അനുബന്ധ കെട്ടിടങ്ങൾ എന്നവയുടെ തറവിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തുകയും ചെയ്തതിൽ ഇവയുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ചിരിക്കുന്ന തറവിസ്തീർണ്ണവുമായി (സഞ്ചയ വസ്തുനികുതി മൊഡ്യൂൾ പ്രകാരം) വ്യത്യാസമുള്ളതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	ടവർ പരിപാലിക്കുന്ന സ്ഥാപനം	വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ചിരിക്കുന്ന തറവിസ്തീർണ്ണം(ച.മീ)	സാങ്കേതിക വിഭാഗം അളന്നു തിട്ടപ്പെടുത്തിയ തറവിസ്തീർണ്ണം(ച.മീ)
1.	13/414	വയർലെസ് ടി ടി ഇൻഫോ സർവ്വീസസ് ലിമിറ്റഡ്	13	56.79
2.	15/84 എ	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	10	70.80

ഇവയെക്കൂടാതെ മറ്റ് 6 ടവറുകളുടെയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നം	കെട്ടിട നം	ടവർ പരിപാലിക്കുന്ന സ്ഥാപനം	തറവിസ്തീർണ്ണം(ച.മീ), സഞ്ചയ പ്രകാരം
1	8/365 എ	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	25
2	9/277 ബി	ടാറ്റാ ടെലി സർവ്വീസസ് ലിമിറ്റഡ്	34.41
3	9/413 എ	ബി എസ് എൻ എൽ	37.76
4	13/240 എ	ബി എസ് എൻ എൽ	16.58
5	16/111 എ	ബി എസ് എൻ എൽ	22.66

കൂടാതെ 13/240 എ നമ്പരായുള്ള മൊബൈൽ ടവറിനു സമീപം വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്ത മറ്റൊരു ടവറും കൂടി പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. ആയതിനാൽ അടിയന്തിരമായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും തറവിസ്തീർണ്ണം പുനപരിശോധിക്കുകയും, അനധികൃതമായത് ഉണ്ടെങ്കിൽ കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

2-2-3 ഹാളുകൾ/ഓഡിറ്റോറിയങ്ങൾക്ക് ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ആരാധനായലങ്ങളോട് അനുബന്ധിച്ചുള്ള ഹാളുകൾ/ ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി സ.ഉ(എം.എസ്)നം.20/2011, 04.01.2011 ന്റെയടിസ്ഥാനത്തിൽ

അവക്ക് ബാധകമായ നിരക്കിൽ പരിഷ്കരിച്ചിട്ടില്ല.

1. സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്, കല്ലുങ്കത്തറ, ആർപ്പൂക്കര
2. സെന്റ് സേവ്യേഴ്സ് ചർച്ച്, വില്ലൂന്നി
3. സുബ്രമണ്യ സ്വാമി ക്ഷേത്രം, ആർപ്പൂക്കര
4. ഷൺമുഖ വിലാസം ക്ഷേത്രം, കൊല്ലേട്ട്
5. ഹോളി ഫാമിലി ചർച്ച്, മുടിയൂർക്കര, സെന്റ് ജോസഫ് പാരിഷ് ഹാൾ
6. സെന്റ് ആന്റണീസ് ചർച്ച് പാരിഷ് ഹാൾ, ചീപ്പുങ്കൽ
7. ലിറ്റിൽ ഫ്ലവർ ചർച്ച്, ആർപ്പൂക്കര

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് മേൽ പരാമർശിത ചട്ടപ്രകാരം അവക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) പരിശോധന നടത്തി വസ്തുനികുതി നിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2-3 കെട്ടിടങ്ങളുടെ ക്രമവൽക്കരണം

തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിൽ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന ക്രമവൽക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പേര്, വിലാസം	വിസ്തീർണ്ണം (ച.മീ)	ഉപയോഗക്രമം	ക്രമവൽക്കരണത്തിന് ഈടാക്കേണ്ട ഫീസ്	ഈടാക്കിയത്	കുറവ്
തോമസ്, മുളങ്കോത്ര	39.47	വാണിജ്യം	39.47 X 21= 829	39.47 X 14= 553	276
ഏലിയാമ്മ ജോസഫ്, തുരുത്തേൽ	104.75	ഗാർഹികം	104.75 X 7.5= 786	104.75 X 5= 524	262
സുജാത, കളപുരക്കൽ	150.79	ഗാർഹികം	150.79 X 15= 2262	150.79 X 10= 1508	754
ജോൺ ജെ ചാവറ, ചാവറ	175	ഗാർഹികം	175 X 15= 2625	175 X 10= 1750	875

പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി-2/15 നമ്പർ കത്തിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 134 പ്രകാരം അനുബന്ധം ജെ യിലെ ഫാറത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ നിലവിൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ തൻവർഷം ആകെ ക്രമവൽകരിച്ച കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമല്ല. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കി ക്രമവൽകരണം സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിക്കേണ്ടതാണ്.

2-4-1 സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ അപാകത

2017-18 വർഷത്തെ തൊഴിൽ നികുതി ഡി.സി.ബി. പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ., സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ടേണോവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപന തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ്

തയ്യാറാക്കിയിട്ടില്ല. 2017-18 വർഷം തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത ഏതാനും സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം
1.	ബി.എസ്.എൻ.എൽ. ആർപ്പൂക്കര
2.	ഓസ്കാർ ഫിനാൻസിയേഴ്സ്, പനമ്പാലം, ആർപ്പൂക്കര
3.	പോത്താലിൽ ഫിനാൻസ്, പനമ്പാലം, ആർപ്പൂക്കര
4.	തുരുത്തേൽ മറ്റത്തിൽ ഫിനാൻസ്, കരിപ്പൂത്തട്ട്, ആർപ്പൂക്കര
5.	ജി.കെ. ഫിനാൻസിയേഴ്സ്, വില്ലൂന്നി
6.	കേരള ബാങ്കേഴ്സ് ഫിനാൻസ്, വില്ലൂന്നി
7.	കിടങ്ങര ചിട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, വില്ലൂന്നി

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളെ കൃത്യമായി ലിസ്റ്റ് ചെയ്ത് തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ടിയിരുന്ന തുക ഈടാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചില്ല. തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തിയതിനും പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമാക്കിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/21.01.2019) പ്രസ്തുത സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി കുടിശിക ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

2-4-2 തൊഴിൽ നികുതി കുടിശിക ഡിമാന്റിൽ നിന്നും 14,740/- രൂപ ഒഴിവാക്കി

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള കുടിശികതൊഴിൽ നികുതി ഡിമാന്റിൽ 2017-18 വർഷത്തിൽ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിനാൽ ഡിമാന്റിൽ 14,740/- രൂപയുടെ കുറവ് വന്നിട്ടുള്ളതായി കാണുന്നു. തൊഴിൽ നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നതിനാൽ കുടിശിക ഡിമാന്റിൽ ക്രമീകരണം നടത്തിയ നടപടി ക്രമപ്രകാരമല്ല. 2017-18 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാനുള്ള തൊഴിൽ നികുതി കുടിശിക 42,860/- രൂപയായിരുന്നു. തൻവർഷം കുടിശികയിനത്തിൽ ലഭിച്ചത് 28,120/- രൂപയാണ്. ഡിമാന്റിലുണ്ടായിരുന്ന 14,740/- രൂപ 280100102-Prior Period Income-Institutions/Professionals/Traders എന്ന ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ മുഖേന അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി ഒഴിവാക്കിയിരിക്കുന്നു. സർക്കാർ അനുമതിയില്ലാതെ ഡിമാന്റിലുള്ള തുക ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.12/21.01.2019) നൽകിയിരുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശിക ഡിമാന്റ് തുക തെറ്റാണെന്ന് ബോധ്യപ്പെട്ടതിനാലാണ് അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതെന്ന് സെക്രട്ടറി മറുപടി നൽകി. കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാതെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയത് പ്രസ്തുത തുക എഴുതിത്തള്ളിയതിനു തുല്യമാണ്. തൊഴിൽ നികുതി കുടിശിക ഡിമാന്റ് കൃത്യമായി പുനക്രമീകരിച്ച് ആയത് ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

2-5-1 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക - അപാകതകൾ

പഞ്ചായത്തിലെ 2017-18 വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സ് പ്രകാരം 55 ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളാണുള്ളത്. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക, വാടക നടപടിക്രമങ്ങൾ, വാടക ഡിമാന്റ്, വാടക നിക്ഷേപം എന്നിവ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആകെ എത്ര മുറികളാണ് ഉള്ളത്, നിലവിൽ ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ വിവരം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.
2. ഷോപ്പിങ്ങ് കോംപ്ലെക്സുകളിലെ ഓരോ മുറികളുടെയും വാടക ഒടുക്കുന്നത് കൃത്യമായി രജിസ്റ്ററിൽ ചേർത്ത് നിരീക്ഷിക്കുന്നില്ല. 2017-18 വർഷം വാടക കുടിശികയാക്കിയ കുത്തകക്കാരുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.
3. വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വാടക കുടിശികയാക്കിയ കുത്തകക്കാർ 2017-18 വർഷവും കരാർ പുതുക്കി തുടരുന്നുണ്ടോ എന്നത് വ്യക്തമല്ല.
4. ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ കൈവശം വച്ചിരിക്കുന്ന കുത്തകക്കാരിൽ നിന്നും വാടക സെക്യൂരിറ്റി നിക്ഷേപം (Rent Deposit) ഈടാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. ആയത് സംബന്ധിച്ച കണക്കുകൾ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം Rent Deposit 5.75

ലക്ഷം രൂപ മാത്രമാണ് അവശേഷിക്കുന്നത്. 60 ലക്ഷത്തിലധികം വാർഷിക വാടക ഡിമാന്റുള്ള 55 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ഏതാനും കുത്തകക്കാരിൽ നിന്നു മാത്രമാണ് വാടക നിക്ഷേപം ഈടാക്കിയിട്ടുള്ളത് എന്നും വാടകയ്ക്ക് ആനുപാതികമായിട്ടല്ല വാടക നിക്ഷേപം ഈടാക്കിയതെന്നും വ്യക്തമാണ്.

5. ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള മുറികളുടെ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ക്രോഡീകരിച്ച് 2017-18 വാടക ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകൾ രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.
6. 2017-18 നു മുൻപുള്ള വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാതെ കുടിശിക വാടക ഡി.സി.ബി. സംക്ഷിപ്തം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഏതെല്ലാം കുത്തകക്കാരാണ് വാടക കുടിശിക വരുത്തിയത് എന്ന വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/22.01.2019) നൽകിയതിന് മറുപടി ലഭിച്ചില്ല. വാടക നടപടികളിലെ അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും രേഖകളും കൃത്യമായി തയ്യാറാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2-5-2 24.73 ലക്ഷം രൂപ വാടക കുടിശിക-വരുമാന നഷ്ടത്തിന് സാധ്യത

വാർഷിക ധനകാര്യ പത്രിക 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം 2017-18 വർഷത്തിനു മുൻപുള്ള വാടക കുടിശിക 2,473,234/- രൂപയാണ് (ഷെഡ്യൂൾ ബി-15 കണക്ക് ശീർഷകം 431400102). വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വാടക കുടിശിക തുക ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കാനുള്ളത് എന്ന വിവരം ലഭ്യമല്ല. കുടിശിക വരുത്തിയ കാലയളവ്, ഏതെല്ലാം മുറികളാണ് തുടങ്ങിയ കാര്യങ്ങളും ഒടുക്കാനുള്ള തുകകളുടെ വിവരവും വ്യക്തമല്ല. കൂടാതെ കുടിശിക വരുത്തിയിട്ടുള്ള കുത്തകക്കാർ നിലവിലും തുടരുന്നുണ്ടോ എന്നതും വ്യക്തമല്ല.

കൃത്യമായി വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കാതെ മുറികൾ വാടകയ്ക്കു നൽകിയതിനാലാണ് വാടക കുടിശികയാക്കിയവരുടെ വാടക മൂല്യം ഈടാക്കാൻ പഞ്ചായത്തിന് കഴിയാതെ വന്നത്. 31.03.2018-ൽ പഞ്ചായത്ത് ഫണ്ടിലുള്ള വാടക നിക്ഷേപമായ 575,241/- രൂപ ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കിയിട്ടുള്ളത്, നിലവിലുള്ള കുത്തകക്കാരുടെ പക്കൽ നിന്നും വാടക മൂല്യത്തിന് ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ പഞ്ചായത്ത് കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ വ്യക്തമല്ല. കൃത്യമായി വാടക നിക്ഷേപം വാങ്ങുകയും കണക്കുകൾ ശരിയായി സൂക്ഷിക്കുന്നതിലും പഞ്ചായത്ത് വീഴ്ച വരുത്തിയതിനാലുമാണ് കുടിശിക വാടക ഈടാക്കാൻ കഴിയാതെ വന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വാടക കുടിശിക കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതിനും വാടക കുടിശിക ഈടാക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.20/22.01.2019) പൂർണ്ണമായ മറുപടി ലഭ്യമാക്കിയില്ല. 2,473,234/- രൂപയുടെ വാടക കുടിശികയുടെ വിശദമായ കണക്കുകൾ (കുത്തകക്കാരൻ, വാടക കുടിശിക തുക, കുടിശിക കാലയളവ്) തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കുടിശിക വരുത്തിയ കുത്തകക്കാരിൽ നിന്നും പിഴപലിശയോടുകൂടി വാടക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-5-3 വാടക നിക്ഷേപം-കണക്കുകൾ സൂക്ഷിക്കുന്നില്ല

31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ഫണ്ടിലുള്ള വാടക നിക്ഷേപം(Rent Deposit) തുക 575,243/- രൂപയാണ്. പഞ്ചായത്തിൽ 2017-18 വർഷം 55 ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ വാടകയ്ക്ക് നൽകിയിരുന്നു. തൻവർഷ വാടക ഡിമാന്റ് 62.98 ലക്ഷം രൂപയായിരുന്നു. ഒരു മാസം 5 ലക്ഷത്തിലധികം രൂപ വാടക ഡിമാന്റുള്ള പഞ്ചായത്തിലെ ആകെ വാടക സെക്യൂരിറ്റി നിക്ഷേപം 5.75 ലക്ഷം രൂപ മാത്രമാണ്. നിലവിലെ വാടക നിക്ഷേപം ഒരു മാസത്തിലധികം വാടക കുടിശിക വരുത്തുന്നത് പോലും തട്ടിക്കിഴിക്കാൻ പര്യാപ്തമല്ല. വാടക നിക്ഷേപം കൃത്യമായി വാങ്ങാതിരുന്നതിനാൽ 25 ലക്ഷത്തോളം രൂപ വാടക കുടിശികയിനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെടാവുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട്. വാടക നിക്ഷേപം ഏതെല്ലാം കുത്തകക്കാരിൽ നിന്നാണ് ഈടാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിലവിലുള്ള കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാടക നിക്ഷേപമായി ലഭിച്ച തുക മറ്റ് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിട്ടുണ്ടോ എന്നതും വ്യക്തമല്ല.

31.03.2018-ൽ പഞ്ചായത്ത് ഫണ്ടിലുള്ള വാടക നിക്ഷേപത്തിന്റെ വിശദാംശം (കുത്തകക്കാരൻ, ഒടുക്കിയ നിക്ഷേപ തുക, രസീത് നം./തീയതി) മുൻവർഷങ്ങളിലെ രേഖകളും രജിസ്റ്ററുകളും പരിശോധിച്ച് അടിന്തിരമായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കുത്തകക്കാർ കരാറൊഴിയുമ്പോൾ ബാധ്യതകൾ തട്ടിക്കിഴിക്കാൻ പര്യാപ്തമായ തുക വാടക നിക്ഷേപം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. വാടക നിക്ഷേപം സംബന്ധിച്ച വ്യവസ്ഥ ബൈ-ലോയിൽ പ്രത്യേകമായി ചേർക്കേണ്ടതാണ്. നിലവിലുള്ള കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കിയിട്ടില്ലെങ്കിൽ അടിയന്തിരമായി ഈടാക്കേണ്ടതാണ് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-6 തനത് വരുമാനം - രണ്ടുവർഷത്തിലധികമായി കുടിശിക നിലനിൽക്കുന്നു

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ടിയിരുന്ന 2017-18 വർഷത്തിനു മുൻപുള്ള ബസ് സ്റ്റാന്റ് ലേലം, മറ്റുവാടക എന്നീ തുകകൾ 31.03.2018 ലും കുടിശികയായി അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	കണക്ക് ശീർഷകം	തുക
2015-16	431400108-Receivables towards Bus Stand Receipts(Arrears)	63,650/-
2013-14	431400199-Other Rents Receivables(Arrears)	18,790/-
ആകെ ലഭിക്കാനുള്ള കുടിശിക തുക		82,440/-

ബസ് സ്റ്റാന്റ് ലേലത്തുക, മറ്റു വാടക എന്നീ ഇനങ്ങളിൽ 82,440/- രൂപ 2 മുതൽ 4 വർഷങ്ങൾക്കു ശേഷവും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.22/22.01.2019) നൽകിയതിന് മേൽപറഞ്ഞ തുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. മേൽപറഞ്ഞ തുകകൾ അടവാക്കാനുള്ള വ്യക്തികളെ/സ്ഥാപനങ്ങളെ കണ്ടെത്തി തുക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. തുക ഈടാക്കി മേൽപറഞ്ഞ ശീർഷകങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ തുടർമറുപടി നൽകേണ്ടതാണ്.

2-7-1 മരങ്ങളുടെ ലേലം-തുടർനടപടി സ്വീകരിച്ചില്ല

പഞ്ചായത്ത് പരിധിയിലുള്ള അപകടകരമായി നിൽക്കുന്ന മരങ്ങൾ, 6-ാം വാർഡ് ലക്ഷം വീട് കോളനിയിൽ മുറിച്ച് സൂക്ഷിച്ചിരിക്കുന്ന തേക്ക് തടികൾ എന്നിവ 2017-18 വർഷം 17.01.2018-ൽ ലേലം നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല എന്ന് ഫയലിൽ കാണുന്നു. പ്രസ്തുത തടികൾ പിന്നീട് പുനർലേലം ചെയ്തതായി കാണുന്നില്ല. പഞ്ചായത്ത് വക തടികളുടെ ലേല നടപടികൾ പൂർത്തിയാക്കി ആയതിന്റെ മൂല്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/22.01.2019) നൽകിയതിന് തടികൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ലേലനടപടികൾ പൂർത്തിയാക്കി തടികളുടെ മൂല്യം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം അനുബന്ധ രേഖകളുടെ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-7-2 ബോട്ട് ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കണം

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബോട്ട് ലേലം ചെയ്യുന്നതിന് 25.11.2017 ലെ 15-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു. വൈക്കം കനാൽ ഓഫീസിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കി ബോട്ട് ലേലം ചെയ്യുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ തുടർനടപടി സ്വീകരിച്ച് നാളിതുവരെ ലേലം നടത്തിയതായി കാണുന്നില്ല. കമ്മിറ്റി തീരുമാനത്തിനു ശേഷം ഒരു വർഷം കഴിഞ്ഞിട്ടും പഞ്ചായത്തിന്റെ കാലഹരണപ്പെട്ട ആസ്തി ലേലം നടത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/22.01.2019)
പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ബോട്ട് ലേലം ചെയ്ത് മൂല്യം പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കി വിശദാംശവും അനുബന്ധരേഖകളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-8 ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - തുടർനടപടികൾ സ്വീകരിക്കണം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്രെയ്ഡേഴ്സിന്റെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2017-18 വർഷത്തെ ഡി & ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 294 ട്രെയ്ഡേഴ്സിനാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

വാർഷിക കണക്കുകൾ 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം, 2017-18 വർഷം ഡി & ഓ ലൈസൻസ് ഫീസ് പൂർണ്ണമായും ലഭിച്ചതായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഡി & ഓ ലൈസൻസ് ഡിമാന്റ് ചെയ്തിട്ടില്ല എന്നതിന് ഉദാഹരണമായി 2017-18 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ "പാലിന് സബ്സിഡി (S0126/18)" പ്രോജക്ട് സബ്സിഡി വിതരണം പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന 2 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ 2017-18 വർഷം ഡി & ഓ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള 1-ാം പട്ടികയിലെ ഇനം 132 പ്രകാരം പാൽ സംഭരിക്കുകയും വിൽപന നടത്തുകയും ചെയ്യുന്ന സംരംഭങ്ങൾക്ക് ലൈസൻസ് ബാധകമാണ്.

ക്രമ-നം.	സ്ഥാപനം
1.	വില്ലൂന്നി ക്ഷീരോൽപാദക സഹകരണ സംഘം
2.	പനയമ്പത്ത് ക്ഷീരോൽപാദക സഹകരണ സംഘം

പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടിന്റെ ഭാഗമായ സംരംഭങ്ങൾ ഡി&ഓ ലൈസൻസില്ലാതെ പ്രവർത്തിച്ചത് മേൽ ചട്ടങ്ങളുടെ ലംഘനവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമാക്കുകയും ചെയ്തു. ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയിനത്തിലും പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടമുണ്ടായി. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/21.01.2019) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽവിഷയത്തിൽ തുടർനടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. ഡി & ഓ ലൈസൻസ് ഡിമാന്റിലുള്ള അപാകത പരിഹരിക്കേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കിയശേഷം തുടർമറുപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-9 കാലാവധി കഴിഞ്ഞ സ്ഥിരനിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 11/01/2019-ൽ നടത്തിയ ക്യാഷ് വേരിഫിക്കേഷനിൽ പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ കാഷ് ചെസ്റ്റ് തുറന്ന് പരിശോധിച്ചു. പരിശോധനയിൽ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത സ്ഥിരനിക്ഷേപ (FD) രസീതുകൾ കണ്ടെത്തി. പഞ്ചായത്ത് കണക്കുകളിലോ രജിസ്റ്ററുകളിലോ വിശദാംശങ്ങളില്ലാത്ത 9 സ്ഥിര നിക്ഷേപങ്ങളുടെ മൂല്യമായ 163,495/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. മേൽപറഞ്ഞ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഒടുക്കിയ ആളുടെ പേര്	സ്ഥിരനിക്ഷേപ നം./തീയതി	ബാങ്ക്	തുക
1.	തോമസ് കെ.ജെ., കോലേട്ട്, നീറിക്കാട്	291376/27.12.2004	ധനലക്ഷ്മി ബാങ്ക്	1,250/-
2.	ഷാജി ജോസഫ്, ഇലവത്തിൽ, മുട്ടുചിറ	K428/04-05/25.11.2004	കോട്ടയം ജില്ല സഹകരണ ബാങ്ക്	13,000/-
3.	പി.ബി. രാജീവ്, കാവുകണ്ടത്തിൽ	1448/24.01.2017	പരിയാരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	5,250/-
4.	ജോയ് പി.സി., പഴയചിറയിൽ, മാഞ്ഞൂർ	CFD012263/24.11.2006	കാത്തലിക് സിറിയൻ ബാങ്ക്, കുറുപ്പുന്തറ	700/-
5.		12262/24.11.2006		1,500/-
6.		12399/22.01.2007		1,000/-
7.	കേരള കോ-ഓപ്പറേറ്റീവ് ഇൻഡസ്ട്രി, പത്തനംതിട്ട	1461/06.03.2007	പരിയാരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	3,115/-

8.	ജെയിംസ് സി.റ്റി., കരിക്കാട്ട്, പൊൻകുന്നം	18.04.2009	എസ്.ബി.ടി. പൊൻകുന്നം	110,144/-
9.		18.04.2009		27,536/-
ആകെ തുക				163,495/-

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 അനുച്ഛേദം-282 പ്രകാരം തിരികെ അവകാശപ്പെടാത്ത 3 സാമ്പത്തിക വർഷം കഴിഞ്ഞ റവന്യൂ ഡെപോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. സ്ഥിരനിക്ഷേപങ്ങളുടെ മൂല്യം അതിൻമേലുള്ള ഭരണപരമായതും നിയമാനുസൃതമായതുമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് ചേർക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ നിക്ഷേപങ്ങളുടെ വിശദാംശം അവ അടവാക്കിയ രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

2-10 ഇ-ടെൻഡർ നടത്തിയ പ്രോജക്ടുകളുടെ ടെന്റർ ഫോറം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ പഞ്ചായത്തിന് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/ 2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിൽ ഒരു അക്കൗണ്ട് (SBI Medical College Branch അക്കൗണ്ട് നം.6704893409) ആരംഭിച്ചതായി അറിയിച്ചു. ടി അക്കൗണ്ടിലേക്ക് നാളിതുവരെ ഇ-ടെന്റർ ഫോമിന്റെ മൂല്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. തുക അക്കൗണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് ടെന്റർ ഫോം വില, State Goods and Services Tax(SGST), Central Goods and Services Tax(CGST) എന്നിവ കൃത്യമായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ദിവസവേതനത്തിന് ആളെ നിയമിച്ച നടപടി ക്രമപ്രകാരമല്ല - ചെലവ് നിരാകരിക്കുന്നു

ബിൽ നമ്പർ	153/19-5-17
ചെക്ക് നമ്പർ	616399/19-5-17
തുക	13650/-

ഗ്രാമപഞ്ചായത്തിൽ 2015നവംബർ മുതൽ നാളിതുവരെ സെക്രട്ടറി തസ്തികയും 3/16മുതൽ 6/16വരെ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളും ഒഴിഞ്ഞുകിടക്കുകയായിരുന്നുവെന്നും 1999-2000 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി തയ്യാറാക്കേണ്ടതിനാലും അക്കൗണ്ടന്റ് ജനറലിന്റെ 97-98 മുതൽ 13-14 വരെയുള്ള റിപ്പോർട്ടുകൾക്കും പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകൾക്കും തുടർനടപടികൾ സ്വീകരിക്കാനവശേഷിക്കുന്നതിനാലും കുടിശ്ശിക ജോലികൾ നിയമാനുസരണം ചെയ്യുന്നതിലേക്കായി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ (16-8-16ലെ IX-ാം നം തീരുമാനം) അടിസ്ഥാനത്തിൽ ദിവസവേതനത്തിന് ആളെ നിയമിക്കുകയും ജി.ഓ (പി)28/16/ഫിൻ തീ.26-2-16 അനുസരിച്ച് അസിസ്റ്റന്റ്/ ഓഡിറ്റർ തസ്തികയ്ക്ക് അർഹതപ്പെട്ട 975/- നിരക്കിൽ 14 ദിവസത്തേക്കുള്ള വേതനമിനത്തിൽ ശ്രീ മുഹമ്മദ്ലീതി (റിട്ടയേഡ് പഞ്ചായത്ത് സെക്രട്ടറി) എന്ന ആൾക്ക് 13650/-രൂപ അനുവദിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണവകുപ്പിന്റെ 4.7.2000-ലെ 189/2000നമ്പർ ഉത്തരവുപ്രകാരം പഞ്ചായത്തിന്റെ തനതുജോലികളുടെ കുടിശ്ശികതീർക്കുന്നതിനാണ് 100 ദിവസംവരെ മനുഷ്യദിനത്തിൽ ആളെ നിയമിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി തയ്യാറാക്കി സമർപ്പിക്കേണ്ട നിയമാനുസൃത ചുമതല അതാത് കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിറവേറ്റാതിരുന്നതുവഴി കുടിശ്ശികയായ ജോലികൾ

തീർക്കാനായി ദിവസവേതനത്തിന് ആളെ നിയമിച്ച് പഞ്ചായത്തുഫണ്ട് ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-3/19-1-19) പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് നിയമനം നടത്തിയതെന്നും ബന്ധപ്പെട്ട ചെലവിന് സർക്കാർ സാധൂകരണത്തിന് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. ആയതിനാൽ നിയമാനുസരണമല്ലാത്ത 13,650/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-2 ചൂരക്കാവ് കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ് കുടിശിക പഞ്ചായത്ത് അടവാക്കിയത്-ക്രമപ്രകാരമല്ല

പഞ്ചായത്തിൽ പ്രാദേശികസമിതിയുടെ നിയന്ത്രണത്തിലുള്ള ചൂരക്കാവ് കുടിവെള്ള പദ്ധതിയുടെ (രജി.നം-229/17) 12/15 മുതൽ10/17 വരെയുള്ള കറന്റ് ചാർജ് കുടിശിക തുക 21180/-രൂപ തനത് ഫണ്ടിൽനിന്നും (വൗച്ചർ നം-21700957/02.03.18) അടവാക്കി. ഇതുസംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-15) കമ്മിറ്റി തീരുമാന പ്രകാരമാണ് തുക അടവാക്കിയതെന്ന് സെക്രട്ടറി മറുപടി നൽകി. എന്നാൽ ഗുണഭോക്തൃ കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതിയുടെ സംരക്ഷണം, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ കമ്മിറ്റിയുടെ ചുമതലയാണ്. വൈദ്യുതി ചാർജ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും സമിതി വഹിക്കണം. അതിനാൽ കുടിശിക തുക അടവാക്കിയത് ക്രമപ്രകാരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

3-3 മാലിന്യ നിക്ഷേപം തടയുന്നതിന് സി സി ടി വി ക്യാമറ-നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല- നിരീക്ഷണം സംബന്ധിച്ച് അവ്യക്തത

പ്രോജക്ട് നമ്പർ – 308/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നിർവ്വഹണ ഏജൻസി- പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിഭാഗം, കോട്ടയം

അടങ്കൽ- 3,50,000

ചെലവ്-3,15,450 (ചെലാൻ നം. കെ എൽ 0107396402017/814/14.02.2018)

പ്രസ്തുത പ്രോജക്ട് പ്രകാരം മെഡിക്കൽ കോളേജ് പരിസരത്ത് മാലിന്യം തള്ളുന്നത് നിരീക്ഷിക്കുന്നതിനും തടയുന്നതിനും സി സി റ്റി വി ക്യാമറകൾ (10 എണ്ണം) സ്ഥാപിക്കുന്നതിന് 3,15,450 രൂപ പി ഡബ്യു ഡി ഇലക്ട്രിക്കൽ വിഭാഗം, കോട്ടയത്തിൽ നിക്ഷേപിച്ചിരുന്നു. പ്രാദേശിക പരിശോധന നടത്തിയതിൽ ഇവ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമായി. ഇതിന്റെ നിരീക്ഷണത്തിന് നിലവിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറിയിലാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്. ഇതിന്റെ നിരീക്ഷണവും അനുബന്ധ ചെലവുകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്തുകൊണ്ട് നിർവ്വഹണ ഏജൻസിയായ പി ഡബ്ല്യു ഡി യുമായി കരാർ ചമച്ചിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 315450/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-4 പ്രീമൺസൂൺപ്രോഗ്രാം -രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നടത്തിയ മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി തൻവർഷം ചുവടെ ചേർക്കുംപ്രകാരം ആകെ 4,00000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക	ബിൽനമ്പർ	ചെക്ക് നമ്പർ	റിമാർക്ക്
160000/-	163/29-5-17	616404/29-5-17	വാർഡുതലശുചിത്വകമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടിന്റെ ലിസ്റ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.
80000/-	201/5-6-17		16 വാർഡുകളിലുമായി ആകെ 85,262/-രൂപ മാത്രം ചെലവഴിച്ചതിന്റെ രേഖകൾ (മസ്റ്റർ റോളുകൾ) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.
160000/-	312/5-7-17	616440/5-7-17	
400000/-			

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുപ്രകാരം (തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 16-3-17-ലെ 127/2017 നമ്പർ ഉത്തരവ്) ശുചിത്വമിഷൻവിഹിതം 10000/-, എൻ.ആർ.എച്ച് എം വിഹിതം 10000/- തനതുഫണ്ട് 5000/-, രൂപ ക്രമത്തിൽ ഒരു വാർഡിന് ചെലവഴിക്കാവുന്ന പരമാവധി തുക 25000/- രൂപ മാത്രമാണ്. ഇപ്രകാരം 16 വാർഡുകളിലേക്കുമായി ആകെ 4,00000/-രൂപ ശുചിത്വസമിതിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) കൈമാറി നൽകിയ നാല് ലക്ഷം രൂപയിൽ 85262 രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഓഡിറ്റിന് ലഭ്യമായിട്ടുള്ളൂ.

2) ഓരോ വാർഡിലും ഇതിന്റ ഭാഗമായി ആരോഗ്യ ശുചിത്വപോഷണസമിതി രൂപീകരിച്ച് യോഗം ചേരേണ്ടതും ശുചിത്വ സ്കാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും വാർഡുതല കർമ്മപരിപാടികളും ആസൂത്രണം ചെയ്യേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പ്രവർത്തനഘട്ടങ്ങൾ നടത്തിയിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

3)വാർഡുതല ശുചിത്വ സമിതി തയ്യാറാക്കുന്ന പ്രവർത്തനരേഖയുടെ 2 കോപ്പി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കണമെന്നും അംഗീകരിച്ച പ്രവർത്തനരേഖയുടെ ഒരുകോപ്പി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ കോപ്പി അംഗീകാരരേഖകളോടെ ശുചിത്വസമിതിക്ക് കൈമാറേണ്ടതുമാണ്. അംഗീകരിച്ച വാർഡുതല പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം പ്രവർത്തനങ്ങളും ചെലവും നടത്തേണ്ടത് എന്നും ഉത്തരവിൽ പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമൊരു പ്രവർത്തനരേഖ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതായി കാണുന്നില്ല.

4)വാർഡുതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡുതല ശുചിത്വപോഷണസമിതി അവലോകനം ചെയ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും രണ്ടാഴ്ചയിലൊരിക്കൽ പഞ്ചായത്തുതലത്തിലും അവലോകനസമിതിയുടെ യോഗം ചേരേണ്ടതുമാണ്. എന്നാൽ ഇപ്രകാരം പ്രവർത്തനങ്ങൾ വിലയിരുത്തി അവലോകനയോഗങ്ങൾ കൂടിയിട്ടുള്ളതിന് രേഖകളില്ല.

5)ഓരോ വാർഡിലേക്കും മുൻവർഷം അനുവദിച്ചിരുന്ന തുകയുടെ കണക്കുകൾ പ്രത്യകം സൂക്ഷിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ വിനിയോഗസാക്ഷ്യപത്രം സ്ഥാപനങ്ങൾക്ക് നൽകേണ്ടതുമാണ്. എന്നാൽ മുൻവർഷവിനിയോഗം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമായിട്ടില്ല.

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചപ്രകാരമുള്ള പ്രവർത്തനഘട്ടങ്ങൾ അവലംബിക്കാതെ തുക ചെലവഴിച്ചതു് ക്രമപ്രകാരമല്ല. അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനും തൻവർഷം ഇതിനായി ലഭ്യമായിരുന്ന ശുചിത്വമിഷൻ, എൻ.ആർ.എച്ച്.എം വിഹിതം എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുവാനും രേഖാമൂലം ആവശ്യപ്പെട്ടിരുന്നതിന് (എൻക്വയറി നം. 6/20.1.2019) മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാലും 314738/-രൂപയുടെ ചെലവ് (400000- 85262) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-5 ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ധനകാര്യവകുപ്പിന്റെ 20.3.17-ലെ 15/2017 നമ്പർ സർക്കുലർ പ്രകാരം ഒരുചെലവുമായി ബന്ധപ്പെട്ട് ട്രഷറിയിൽനിന്നും മുൻകൂറായി പണം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടില്ലാത്തതും ആയത് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇതിനുവിരുദ്ധമായി 16-17 വർഷം പ്ലാൻഫണ്ട്, തനതുഫണ്ട്) എന്നിവ വകയിരുത്തിയ പ്രോജക്ടുകളുടെ ചെലവുതുകകൾ ട്രഷറിയിൽനിന്നും മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും മാസങ്ങൾക്കുശേഷം ചെലവു് നടത്തിയിട്ടുള്ളതായും കാണുന്നു. കൂടാതെ തുക ട്രഷറിയിൽനിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുമ്പോഴും ബാങ്കിൽനിന്നും പിൻവലിക്കുമ്പോഴും പേമെന്റ് വൗച്ചർ തയ്യാറാക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ പ്രസ്തുത ചെലവുകൾ 16-17വർഷത്തെ പ്ലാൻഫണ്ടിൽ നിന്നുള്ള ചെലവിലും 17-18 വർഷം തനതുഫണ്ടിൽ നിന്നുള്ള ചെലവിലും പ്രതിഫലിക്കുകയും രണ്ട് തവണയും പേമെന്റ് വൗച്ചർ തയ്യാറാക്കുന്നതിനാൽ ചെലവുകണക്കിൽ ഇരട്ടിപ്പ് വരുന്നതിനുമിടയാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ ചെക്ക് നമ്പർ	തുക	ഉദ്ദേശ്യം	ട്രഷറിയിൽനിന്നും പിൻവലിച്ചതിന്റെ വിവരം
21700260 / 20-6-17	162000/-	16-17 വർഷത്തെ പ്രോജക്ടിന്റെ(so2/17) തുക പ്ലാൻഫണ്ടിൽനിന്നും എസ്.ബി.റ്റി	ബിൽനം-923/23-3-17

		ഓൺഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് പിൻവലിക്കുന്നത്	
21700261/20-6-17	26049/-	പ്രോജക്ട്നം 209/17ന്റെ ചെലവുതുക ട്രഷറിയിൽനിന്നും ബാങ്കിലേക്ക് റ്റി.സി.ചെയ്തിരുന്നത് പിൻവലിക്കുന്നത്	953(1)/29-3-17
21700262/14-3-17	4950/-	,,	953(2) 29-3-17
21700263/20-6-17	22716/-	പ്രോജക്ട് നം-202/17പ്രകാരം അലമാര വാങ്ങിയ തുക സ്ഥാപനത്തിന് നൽകാനുള്ളത് ബാങ്കിലേക്ക് റ്റി.സി ചെയ്തിരുന്നത് പിൻവലിക്കുന്നത്	890/14-3-17
21700264/ 21-6-17	103000/-	പ്രോജക്ട്നം-138/17പ്രകാരം ഫർണീച്ചർ വാങ്ങിയ ഇനത്തിൽ സിഡ്കോ, തിരുവല്ല, എന്ന സ്ഥാപനത്തിന് നൽകേണ്ട തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിരുന്നത് പിൻവലിക്കുന്നു.	891/14-3-17
21700046/12-4-17	132043/-	പ്രോജക്ട്നം.3/17, 6/17എന്നിവയ്ക്ക് തനതുഫണ്ടിൽനിന്നുള്ള ചെലവ് ട്രഷറിയിൽനിന്നും ബാങ്കിലേക്ക് റ്റി.സി.ചെയ്ത് പിൻവലിക്കുന്നു	998/31-3-17 - 23800/- 996/31-3-17 -29903 1000/31-3-17-78340/-

മേൽ അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (എൻക്വയറി നം-4 /19-1-19 മറുപടി ലഭ്യമാക്കില്ല. പൊതുപണം കൈകാര്യം ചെയ്യുന്നതിന് ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

3-6 ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല -327211/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് ചെലവുകൾക്കായി പ്ലാൻഫണ്ടിൽനിന്നും മാറ്റി നിക്ഷേപിച്ചിരുന്ന തുകകൾ ഉൾപ്പെടെ തനതുഫണ്ടിൽനിന്നും തൻവർഷം നടത്തിയ വിവിധ ചെലവുകളുടെ വൗച്ചർ ഫയൽ പരിശോധിച്ചതിൽ കൈപ്പറ്റ് രസീതുകൾ, തുക കൈമാറിയതിന്റെ രേഖകൾ, വിനിയോഗവിശദാംശങ്ങൾ മുതലായ ചെലവ് സാധൂകരിക്കുന്ന രേഖകൾ വൗച്ചറുകൾക്കൊപ്പം ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക	ബിൽനമ്പർ	ഉദ്ദേശ്യം	റിമാർക്സ്
10700/-	641/18-5-17	വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കുന്നതിനുള്ള ചെലവ്	തുക സ്ഥാപനത്തിലടവാക്കി ഇൻഷുറൻസ് പുതുക്കി ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

23,364	139/16-5-17	വാർഡ് 2-ൽ മാലിച്ചിറ കൊച്ചുനാരായണൻപാലം മാലിച്ചിറ റോഡിലെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബി അയ്മനം ഡിവിഷന് കൈമാറിയതിന്റെ തുക	കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യപത്രം എന്നിവ ഇല്ല.
102563	251/19-6-17	16-17 രണ്ടാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് അടച്ചത്	കൈപ്പറ്റ് രസീതില്ല
5600	547/4-10-17	ജീവനക്കാരുടെ 9/17-ലെ ജി.ഐ.എസ്.വരിസംഖ്യ അടവാക്കിയത്	ട്രഷറി ചെലാന്റെ പകർപ്പില്ല.
59268	575,576/6-11-17	കോൺട്രിബ്യൂട്ടറി പെൻഷൻ- ജീവനക്കാരുടേയും പഞ്ചായത്തിന്റേയും വിഹിതം ട്രഷറിയിലടവാക്കിയത്	,,
22716	256/20-6-17	പ്രോജക്ടിന്റെ നം 202/17 പ്രകാരം സിഡ്കോ തിരുവല്ല എന്ന സ്ഥാപനത്തിന് ഡിഡി നൽകിയത്	,,
103000	257/20-6-17	,,	,,

ചെലവുമായി ബന്ധപ്പെട്ട് പട്ടികയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ13/22.1.2019) നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമായിട്ടില്ല. ചെലവ് വിശദാംശങ്ങൾ, കൈപ്പറ്റ് രസീതുകൾ എന്നിവയുടെ അഭാവത്തിൽ 3,27,211/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7 പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കാത്ത സ്ഥലത്ത് നിർമ്മാണപ്രവർത്തനത്തിന് പ്രോജക്ട് ആവിഷ്ക്കരിച്ചു

<u>ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം</u>

മെഡിക്കൽ കോളേജിന് സമീപം ബസ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി ചുവടെ ചേർക്കും പ്രകാരം വിവിധ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് ഡിപിസി-യുടെ അനുമതി ലഭിച്ചിട്ടുണ്ട്.

വർഷം	പ്രോ.നം	പ്രോജക്ട്	അടങ്കൽതുക
16-17	163/16-17	ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	20,0000000/-
,,	211/16-17	ഷോപ്പിംഗ് കോംപ്ലക്സ് സോയിൽടെസ്റ്റ്	900000/-

,,	212/16-17	ഷോപ്പിംഗ് കോംപ്ലക്സ്, പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ, ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്	980000/-
17-18	64/17-18	ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം രണ്ടാംഘട്ടം	1,8700000/-
17-18	259/17-18(SO)	ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	200000000/-
,,	271/17-18(SO)	ഷോപ്പിഗ് കോംപ്ലക്സ് സോയിൽടെസ്റ്റ്	300000/-
,,	272/17-18(SO)	ഷോപ്പിംഗ് കോംപ്ലക്സ്, പ്ലാൻ, സ്ട്രക്ച്ചറൽ സിസൈൻ, ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്	980000/-

പഞ്ചായത്ത് ജനറൽകമ്മിറ്റിയുടെ 24.4.17-ലെ തീരുമാനപ്രകാരം (അജണ്ട-4 തീരുമാനം1) മെഡിക്കൽ കോളേജിലെ 2ഏക്കർ വരുന്ന സ്ഥലം ഇപ്പോഴും സ്വകാര്യവ്യക്തികളുടെ പേരിലാണ് വില്ലേജ് റിക്കാർഡുകളിൽ കാണപ്പെടുന്നതെന്നും ആയത് ആർപ്പൂക്കര പഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം തീർക്കുന്നതിന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കോട്ടയം തഹസീൽദാർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നതായും കാണുന്നു. തുടർന്ന് പ്രസ്തുത സ്ഥലം നാളിതുവരെ പഞ്ചായത്തിന്റെ പേരിൽക്കൂട്ടി ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലാ റവന്യൂ അധികാരികളോട് ഭൂമി അളന്നുതിരിച്ച് തരണമെന്ന് പലതവണ ആവശ്യപ്പെടുകയും 10.7.17-ലെ ഡി.സി.കെ.ടി.എം.4422/17/ഇ2 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർ ടി സ്ഥലം സന്ദർശിച്ച് ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിക്കാൻ കോട്ടയം തഹസീൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നിട്ടും തുടർ നടപടികൾ സ്വീകരിക്കാത്ത ജില്ലാ അധികാരികൾക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയതായും കമ്മിറ്റിയുടെ 3-11-17-ലെ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (അജണ്ട-14 തീരുമാനം 1)

മേൽകമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നമ്പർ 2/19-1-19) ഭൂമി പേരിലാക്കി ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിരുന്നില്ല. എന്നാൽ മേൽപട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പ്രസ്തുതസ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ നടപടികളാരംഭിച്ചതിനാൽ ടി സ്ഥലം പോക്കുവരവുനടത്തി റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ പേരിൽക്കൂട്ടി ആസ്തിയിലാക്കി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കണമെന്നും സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ലഭിച്ചിട്ടില്ലാത്തപക്ഷം പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് പ്ലാൻ ഉണ്ടാക്കുന്നതിന് ആൻസൺസ് ഗ്രൂപ്പ് എന്ന സ്ഥാപനവുമായി കരാർ വയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 18) നൽകിയിരുന്നതിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടത്തുന്നതിന് കരാർ വച്ചത് പോക്കുവരവ് നടത്തി പൂർണ്ണമായും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.10 ഏക്കർ സ്ഥലത്താണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച റവന്യൂ രേഖകൾ പരിശോധയ്ക്കായി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥലത്ത് അവകാശത്തർക്കമുള്ള സ്ഥലം (വഴിസംബന്ധിച്ച്) എതിർകക്ഷികൾക്ക് വിട്ടുനൽകാൻ കോടതിവിധിയായിട്ടുണ്ടെന്നും വിഷയം സംബന്ധിച്ച് ഈ സ്ഥലം ഒഴിവാക്കി നിലവിൽ പഞ്ചായത്തിന്റെ പേരിലുള്ള സ്ഥലത്ത് പുതിയഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുള്ള പുതിയ പ്ലാനും ഡിസൈനും തയ്യാറാക്കി ലഭിച്ചിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ ബഹു.പഞ്ചായത്ത് പ്രസിഡന്റ് വിശദീകരിക്കുകയുണ്ടായി. എന്നാൽ നിർമ്മാണസ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ലഭിച്ചതിന്റെ രേഖാപരമായ തെളിവുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലാത്തതിനാലും പഞ്ചായത്ത്കമ്മിറ്റിയുടെ മുൻ തീരുമാനങ്ങളിൽനിന്നും അതേ തീയതിവരെ സ്ഥലം ലഭ്യമായിട്ടില്ല എന്ന് വ്യക്തമാകുന്നതിനാലും പദ്ധതി സ്ഥലം റവന്യൂനിയമപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ഈ സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ് ഉചിതമായ നടപടിയെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

3-8 മാലിന്യസംസ്ക്കരണത്തിനായി ലഭിച്ച 8,97,750/- രൂപയുടെ ധനസഹായം ചെലവഴിക്കാതെ നഷ്ടമായി

ശുചിത്വമിഷനിൽനിന്നും 2013-14 വർഷം മാലിന്യസംസ്ക്കരണത്തിനായി ലഭിച്ച 897750/- രൂപ ചെലവഴിക്കാത്തതിനാൽ ചെലവഴിക്കാത്ത തുക തിരിച്ചടച്ചാൽ മാത്രമേ 2017-18 വർഷത്തെ വാർഷികപദ്ധതിയിലുൾപ്പെട്ട ഖരമാലിന്യസംസ്ക്കരണ പദ്ധതികൾക്ക് ശുചിത്വമിഷനിൽനിന്നും അനുമതി ലഭിക്കുകയുള്ളൂ എന്ന് ശുചിത്വമിഷൻ അറിയിച്ചതിനാൽ തുക തിരിച്ചടയ്ക്കുന്നതിന് പഞ്ചായത്ത്കമ്മിറ്റിതീരുമാനപ്രകാരം (19-12-17ലെ അജണ്ട-2 തീരുമാനം -3) സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നമ്പർ 21700699/12.1.2018(ചെക്ക് നമ്പർ 906065/12.1.18) പ്രകാരം തുക ശുചിത്വമിഷനിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തു.

മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനമെന്ന നിലയിൽ മാലിന്യപ്രശ്നങ്ങളും അതിന്റെ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. ആയതിനാൽ ലഭ്യമായ തുക ഫലപ്രദമായി വിനിയോഗിക്കുന്നതിന് വളരെയേറെ സാധ്യതകളുണ്ടായിരുന്നിട്ടും 8ലക്ഷത്തിൽപരം രൂപ ചെലവഴിക്കാതെ 5 വർഷത്തോളം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരുന്നതിന്റെ കാരണം വ്യക്തമല്ല. പഞ്ചായത്തിന്റെ അനാസ്ഥമൂലം ഫണ്ട് നഷ്ടമാകാനിടയായ സാഹചര്യം പുനപരിശോധിക്കേണ്ടതും ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ കർശനമായും ഒഴിവാക്കേണ്ടതുമാണ്. പഞ്ചായത്ത്കമ്മിറ്റിയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

3-9 സംയുക്തപ്രോജക്റ്റിന് ലഭിച്ചതുക ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ശാരീരിക മാനസികവെല്ലുവിളിനേരിടുന്ന കുട്ടികൾക്ക് പഠനസഹായം എന്ന പ്രോജക്ടിന് 2017-18 സാമ്പത്തിക വർഷം 486,165/-(ബ്ലോക്ക് വിഹിതം-200000+ജില്ലാപഞ്ചായത്ത് വിഹിതം 286165) ലഭിച്ചിരുന്നു. തൻവർഷം സംയുക്തപ്രോജക്ടിനുള്ള തുക നിക്ഷേപിക്കാൻ അക്കൗണ്ട് ആരംഭിക്കാതിരുന്നതിനാൽ പ്രസ്തുത തുക ചെവഴിക്കാതെ തനത്ഫണ്ടി(ട്രിഎസ്ബി)ൽ നിക്ഷേപിക്കുകയും വികസനഫണ്ടിൽനിന്നുള്ള തുക ചെലവഴിക്കുകയും ചെയ്തു. 2018-19 വർഷം പ്രോജക്ട് സ്പിൽഓവറാക്കിയപ്പോൾ ബ്ലോക്ക് ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്താതെ തനത്ഫണ്ട് വിഹിതം മാത്രം വകയിരുത്തി പ്രോജക്ട് തയ്യാറാക്കി. അതിനാൽ സംയുക്ത പ്രോജക്ടിനുള്ള തുകകൂടി ഉൾപ്പെടുത്തി പ്രോജക്ട് പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-10 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി 2017-18 വർഷം, വിവിധ നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ വിനിയോഗ/ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ വിവരങ്ങൾ	നിക്ഷേപിച്ച തുക	നിക്ഷേപവിവരങ്ങൾ	സ്ഥാപനം	നിർവ്വഹണോദ്യോഗസ്ഥൻ
നം.69/18 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ വാർഡുകൾ	52,46,000 (വി.ഫണ്ട്- 4,25,000) (സി എഫ് സി- 22,81,500) (തനത് ഫണ്ട്- 25,39,500)	ബിൽ നം. 15/18.01.2018 ബിൽ നം. 16/18.01.2018 ചെക്ക് നം. 2323415/27.01.2018	കേരള വാട്ടർ അതോറിറ്റി	സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്
നം.296/18 പൈപ്പ് ലൈൻ വലിക്കൽ- വാർഡ് 3	തനത് ഫണ്ട് - 4,90,000	ഡി ഡി നം. 906086/16.02.2018	കേരള വാട്ടർ അതോറിറ്റി	,,
നം.309/18- പോസ്റ്റ് ഷിഫ്റ്റിംഗ്	തനത് ഫണ്ട് - 1,08,013	ചെക്കം. 2323431/14.03.2018	കെ.എസ്.ഇ.ബി	,,
79/18 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	സി എഫ്.സി- 19,88,034	ബിൽ നം.9/28.9.17 ബിൽ നം.17/14.2.18 ബിൽ നം.18/14.2.18	കെ.എസ്.ഇ.ബി	,,
ആകെ	78,32,047			

വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 78,32,047 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ നിക്ഷേപ പ്രവൃത്തികൾ അതതു വർഷം പൂർത്തീകരിക്കാത്തതിനാൽ മോണിറ്ററിംഗ് നടത്തപ്പെടുന്നില്ല. പ്രോജക്ടുകൾ പൂർത്തിയാകുന്ന മുറയ്ക്ക് മോണിറ്ററിംഗ് നടത്തേണ്ടതും നിക്ഷേപിച്ച പണത്തിനനുസൃതമായി പ്രവർത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-11 ആശ്രയ പദ്ധതി- അവലോകനം

ആശ്രയ പദ്ധതി ഒന്നാം ഘട്ടം (2004-06) പദ്ധതിയിൽ 35 ഗുണഭോക്താക്കളും രണ്ടാം ഘട്ടം (2014-16) പദ്ധതിയിൽ 115 ഗുണഭോക്താക്കളും ഉണ്ടായിരുന്നു. ഇവയുടെ 31.03.2018 വരെയുള്ള ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
പ്ലാൻഫണ്ട്	558500	558500	0
ചലഞ്ച് ഫണ്ട്	458900	245398	213502
ആകെ	1017400	803898	213502

<u>രണ്ടാം ഘട്ടം</u>

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
പ്ലാൻഫണ്ട്	750000	700000	50000
തനത് ഫണ്ട്	45000	0	45000
ചലഞ്ച് ഫണ്ട്	680341	599400	80941
എസ് സി എ ഫണ്ട്(*)	102948	0	102948
ആകെ		1399400	278889

ഒന്നും, രണ്ടും ഘട്ടങ്ങൾ പ്രകാരം ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു

<u>ഒന്നാം ഘട്ടം</u>

സേവനങ്ങൾ	സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണഭോക്താക്കളുടെ എണ്ണം	സേവനങ്ങൾ ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം	സേവനങ്ങൾ ലഭ്യമാക്കുവാൻ അവശേഷിയ്ക്കുന്നവരുടെ എണ്ണം
വീട് വയ്ക്കുവാൻ സ്ഥലം	15	4	11
ഭവനനിർമ്മാണം	13	1	12
വീട് റിപ്പയറിംഗ്	4	4	0
കക്കൂസ്	19	0	19
കുടിവെള്ളം	18	0	18
വൈദ്യുതി	20	0	20
ഭക്ഷണം	26	26	-
ചികിത്സ	26	10	16
ഗൃഹോപകരണങ്ങൾ	26	0	26
വിദ്യാഭ്യാസം	15	5	10
വസ്ത്രം	26	26	0

<u>രണ്ടാം ഘട്ടം</u>

സേവനങ്ങൾ	സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണഭോക്താക്കളുടെ എണ്ണം	സേവനങ്ങൾ ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം	സേവനങ്ങൾ ലഭ്യമാക്കുവാൻ അവശേഷിയ്ക്കുന്നവരുടെ എണ്ണം

വീട് വയ്ക്കുവാൻ സ്ഥലം	10	3	7
ഭവനനിർമ്മാണം	3	3	0
വീട് റിപ്പയറിംഗ്	9	0	9
കക്കൂസ്	13	0	13
കുടിവെള്ളം	9	0	9
വൈദ്യുതി	0	0	0
ഭക്ഷണം	115	115	0
ചികിത്സ	104	0	104
വിദ്യാഭ്യാസം	29	0	0

നിലവിൽ രണ്ടു ഘട്ടങ്ങിലെയും ഗുണഭോക്താക്കളേയും, ഫീൽഡുതല പരിശോധന നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളെയും ഉൾപ്പെടെ ആകെ 277 പേരെ ഉൾപ്പെടുത്തി അഗതിരഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കുടുംബശ്രീ ജില്ലാ മിഷന് സമർപ്പിച്ചിട്ടുണ്ടെന്ന് കുടുംബശ്രീ ചെയർപെഴ്സൺ മറുപടി നൽകി. അഗതിരഹിത കേരളം പദ്ധതിയുടെ മാർഗരേഖ സ.ഉ(എം.എസ്) നം.252/2017/തസ്വ.ഭ.വ, 12.12.2017ന്റെ ഖണ്ഡിക 3.4 ലെ നിർദേശപ്രകാരം ഈ പദ്ധതിക്കായി എസ് ബി ഐ, കരിപ്പൂത്തട്ട് ശാഖയിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുകയും (നം.38167299043) ആശ്രയ പദ്ധതിയുടെ നീക്കിയിരിപ്പുണ്ടായിരുന്ന എസ് സി എ ഫണ്ട് ഒഴികെയുള്ള തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടിൽ 2,89,640 രൂപ നീക്കിയിരിപ്പുള്ളതായി പരിശോധനയിൽ വ്യക്തമായി.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 286,165/- ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2 ലക്ഷം രൂപയും ഉൾപ്പടെ 486,165/- രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.)	ലഭിച്ച തുക	തുക ലഭിച്ച തീയതി	ചെലവ്	ബാലൻസ്
കോട്ടയം ജില്ല പഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠനസഹായം (66/18)	286,165/-	10.01.2018	0	286,165/-
ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്		200,000/-	18.01.2018	0	200,000/-

ആകെ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചത്	**486,165/-**	**-**	**0**	**486,165/-**

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് 2017-18 വർഷം വരെ ആരംഭിച്ചിട്ടില്ല. തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് സംയുക്ത പ്രോജക്ട് ഫണ്ട് സൂക്ഷിച്ചിരിക്കുന്നത്. 2018-19 വർഷം സംയുക്ത പ്രോജക്ടുകൾക്ക് പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ചതായി അക്കൗണ്ടന്റ് ഓഡിറ്റ് സമയത്ത് അറിയിച്ചു. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിമയം പ്രസ്തുത ഉദ്ദേശ്യത്തിനായി ആരംഭിച്ച അക്കൗണ്ടിലൂടെ മാത്രം നടത്തേണ്ടതാണ്.

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഭൂജല വകുപ്പിലും കെ.എസ്.ഇ.ബി. യിലും സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.)	നിക്ഷേപിച്ച തുക	നിക്ഷേപിച്ച തീയതി	ചെലവ്	ബാലൻസ്
ജല അതോറിറ്റി	പൈപ്പ് ലൈൻ വലിക്കൽ(69/18)	5,246,000/-	31.01.2018	ഇല്ല	5,246,000/
	പൈപ്പ് ലൈൻ വലിക്കൽ വാർഡ്-3(296/18)	490,000/-	16.02.2018	ഇല്ല	490,000/-
	ജല അതോറിറ്റിയിൽ ആകെ	**5,736,000/-**	**-**	**ഇല്ല**	**5,736,000/-**
KSEB	സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ(79/18)	1,988,034/-	14.02.2018	ഇല്ല	1,988,034/-
	പോസ്റ്റ് ഷിഫ്റ്റിങ്ങ്(309/18)	108,013/-	12.03.2018	ഇല്ല	108,013/-
	KSEB യിൽ ആകെ	**2,096,047/-**	**-**	**ഇല്ല**	**2,096,047/-**
ആകെ		**7,832,047/-**		**ഇല്ല**	**7,832,047/-**

KSEB യിൽ നിക്ഷേപിച്ച 2,096,047/- രൂപയിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിനായി നിക്ഷേപിച്ച 108,013/- രൂപ ഡെപ്പോസിറ്റ് ശീർഷകത്തിൽ ചേർത്തിട്ടില്ല. സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷന് നിക്ഷേപിച്ച 1,988,034/- രൂപയിൽ 588,060/- രൂപ ഡെപ്പോസിറ്റ് ശീർഷകത്തിൽ മൈനസ് അയി കാണുന്നു. അക്കൗണ്ടിങ്ങിലെ അപാകത പരിഹരിക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. 31.03.2018 ബാലൻസ് ഷീറ്റ് പ്രകാരം വായ്പയിനത്തിൽ പഞ്ചായത്തിന് ബാധ്യത ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

2017-18 വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 4,777/- രൂപ ലഭിച്ചിട്ടുണ്ട്. ടി തുക 280200401-Prior Period Income-Other Incomes ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതായി റെസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ കാണുന്നത്. 4,430/- രൂപ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 347/- രൂപ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ഒടുക്കിയത്. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	ഈടാക്കിയ തുക	തുക ഒടുക്കിയ വ്യക്തി	രസീത് നം./തീയതി
2016-17	3-3	4,430/-	സിജിമോൻ കെ.ജി. ഡ്രൈവർ	117080109821/15.12.2017

ഓഡിറ്റ് റിക്കവറിയായി ജീവനക്കാരിൽ നിന്നും ഈടാക്കുന്ന തുക Audit Recovery From Employees ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. കൂടാതെ ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തെ കണക്കുകളുടെ സംക്ഷിപ്തവും തയ്യാറാക്കേണ്ടതാണ്.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	35 38	2002-03	5-4(1) 5-4(2)	പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.	-

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല.

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികയുടെ വിശദാംശം താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സർച്ചാർജ് ചെയ്ത തുക	സർച്ചാർജ് നോട്ടീസ് നം./ തീയതി	സർച്ചാർജിന് വിധേയനായ വ്യക്തികൾ
2016-17	3-2	93,600/-	No.KSA 718/Spl.Cell/ CSC/C3/18(1) Dated 31.08.2018	ഷാനവാസ് ഇ. (സെക്രട്ടറി ഇൻ ചാർജ്), 15പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

സർച്ചാർജിന് വിധേയനായ സെക്രട്ടറിയെയും മെമ്പർമാരെയും 19.12.2018 തീയതിയിൽ നേരിൽ കേട്ടതിനു ശേഷം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അഭിപ്രായം അറിയിച്ചു.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ)	89390070.94
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	65,831,874/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	13650/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	8789446/-

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർച്ചാർജ് ചെയ്യാവുന്നവ	
3-1	-	13650/-	രാധാകൃഷ്ണ കമ്മത്ത്, സെക്രട്ടറി
ആകെ	-	13650/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	315,450/-	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
3-4	154,738/-	ശ്രീ രാധാകൃഷ്ണ കമ്മത്ത്, സെക്രട്ടറി
	160,000/-	ശ്രീ ഇ. ഷാനവാസ്, സെക്രട്ടറി (In Charge)
3-6	262,343/-	ശ്രീ രാധാകൃഷ്ണ കമ്മത്ത്, സെക്രട്ടറി
	64,868/-	ശ്രീമതി ഷീല എൽ,സെക്രട്ടറി
3-10	5,246,000/-	ശ്രീമതി ഷീല എൽ, സെക്രട്ടറി
	2,586,047/-	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
ആകെ	8,789,446/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2-2, 2-2-3, 2-4-1,2-5-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
രാധാകൃഷ്ണ കമ്മത്ത്, സെക്രട്ടറി	സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്	രാധാമാധവം, ഫ്ലാറ്റ് നം. 1E, കോർഡിയൽ കാസ്റ്റിൽഡ, കൊച്ചുള്ളൂർ, മെഡിക്കൽ

		കോളേജ് പി.ഒ. തിരുവനന്തപുരം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.12.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(1)/18 /29.01.2018	5
2000-01	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(2)/18 /29.01.2018	17
2001-02	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(3)/18 /29.01.2018	27
2002-03(ചെലവ്)	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(4ബി)/18 /29.01.2018	12
2002-03(വരവ്)	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(4എ))/18 /29.01.2018	2
2003-04	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(5)/18 /27.01.2018	12
2004-05	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(6)/18 /27.01.2018	11
2005-06	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(7)/18 /27.01.2018	11
2006-07	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(8)/18 /27.01.2018	7
2007-08	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(9)/18 /27.01.2018	4
2008-09	കെ.എസ്.എ.-കെ.ടി.എം.പി9/1736/17/ 07.03.2018	12
2009-10	കെ.എസ്.എ.-കെ.ടി.എം.പി9/1737/17/ 07.03.2018	6
2010-11 & 2011-12	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(10)/18 /26.02.2018	11
2012-13	കെ.എസ്.എ.-കെ.ടി.എം.പി9/412/18/ 21.03.2018	11
2013-14	കെ.എസ്.എ.-കെ.ടി.എം.പി9/417/18/ 21.03.2018	9

2014-15	കെ.എസ്.എ.- കെ.ടി.എം.പി10/1130/16/ 01.06.2017	16
2015-16	കെ.എസ്.എ.- കെ.ടി.എം.പി9/1317/17/ 03.01.2018	10
2016-17	കെ.എസ്.എ.- കെ.ടി.എം.പി9/1504/17/ 21.08.2018	15

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-കെ.ടി.എം.പി9-189/2019 **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 15.02.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ** 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,
ജില്ലാ ഒാഡിറ്റ് കാര്യാലയം-കോട്ടയം